# കാഞ്ചന, ആശ, ഫെമിനിസം

കേരളീയരിൽ പ്രത്യുല്പാദനക്ഷമത 'കറയുന്നു' എന്ന കാഞ്ചനയുടെ ലേഖനവും അതിൽ രോഷം പ്രകടിപ്പിച്ച ആശയുടെ മറുപടിയും സമകാലിക സ്ത്രീ സമൂഹം ശ്രദ്ധിക്കേണ്ടതാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ നിന്നും വ്യത്യസ്തമായി എല്ലാ മേഖലയിലും മുന്നിലെത്തി നിൽക്കുന്ന സ്ത്രീകൾ ഇതിന് വേണ്ടി സഹിച്ചിട്ടുള്ള ത്യാഗവും വേണ്ടി വന്ന കാലവും ഒട്ടും ചെറുതല്ല. ഈ യാത്രയ്ക്കിടയിൽ അവൾക്ക് അഭികാമ്യമെന്ന് കരുതിയിരുന്ന പല ഭാവങ്ങളും രീതികളും അവൾ വേണ്ടെന്നു വയ്ക്കുകയും പുതിയ തലങ്ങളിലേക്ക് അവളെത്തിച്ചേരുകയും ചെയ്തു കഴിഞ്ഞു. 'തല കുനിച്ച് ശബ്ദം താഴ്ത്തി ഒതുക്കത്തോടെ സംസാരിക്കുക, കതകിന് പുറകിൽ പാതി മറഞ്ഞ് മുഖം കാണിക്കുക' ഇതെല്ലാം ഇന്നത്തെ പെൺകുട്ടികൾ അത്ഭുതത്തോടെ മാത്രം കേട്ടേക്കാവുന്ന പഴമകളാണ്. 'അടുക്കളയിൽ നിന്നും അരങ്ങത്തേക്കുള്ള' അവളുടെ ഈ യാത്രയിൽ പലതും അവൾ പൊരുതി നേടിയവയാണ്. നിലനിൽക്കുന്ന സാമൂഹ്യ വ്യവസ്ഥിതികളോടുള്ള ഏറ്റുമുട്ടലിൽ 'നന്മ' മാത്രം പ്രതീക്ഷിക്കുന്നത് ശുദ്ധ വിഡ്ഢിത്തമാണ്. ഓരോ കാലഘട്ടത്തിലും അവൾക്ക് നേരിടേണ്ടി വന്നിട്ടുള്ളത് വിവിധതരം പ്രശ്നങ്ങളാണ്. 'കേരളീയരിൽ പ്രത്യുല്പാദനക്ഷമത കറയുന്നു എന്ന ലേഖനം' ഈ നൂറ്റാണ്ടിലെ സ്ത്രീകൾ അഭിമുഖീകരിക്കേണ്ടതായി വന്നേക്കാവുന്ന ഒരു വലിയ പ്രശ്നത്തെ ചൂണ്ടിക്കാണിക്കുക മാത്രമാണ്.

സ്ത്രീകളുടെ ഔന്നത്യഭാവം 'അമ്മ' യാണെന്നത് എല്ലാവരും അംഗീകരിച്ചേക്കാവുന്ന വാസ്തവമാണ്. (സമസ്തഭാവങ്ങളുള്ള സ്ത്രീയെ 'അമ്മ'യെന്ന ഭാവത്തിന് മാത്രം പ്രാധാന്യം നല്കി ഒതുക്കുകയാണെന്ന് ചിന്തിക്കുന്ന മറുപക്ഷം മുഖം ചുളിക്കാൻ വരട്ടെ) "എനിക്ക് അടുത്ത ജന്മത്തിലും ഒരു സ്ത്രീയായി ജനിച്ചാൽ മതി. കാരണം ഒരു സ്ത്രീക്കേ അമ്മയാവാൻ കഴിയൂ" എന്ന് അഭിമാനത്തോടെ പറയുന്ന വളരെയധികം സ്ത്രീകളുണ്ട്. ഇത് 'സാക്ഷര സുന്ദര' കേരളമാണെന്നാണ് വയ്പ്പ് ഇവിടെ തനിക്ക് എത്ര വിദ്യാഭ്യാസം വേണം തന്റെ ജീവിതം എപ്രകാരം മുന്നോട്ട് പോകണം എന്നെല്ലാം ചിന്തിച്ച് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്ക് ലഭിക്കുന്നുണ്ട്. പെൺകുട്ടികളേയും ഒരു ജോലിക്ക് പ്രാപ്തയാക്കണം എന്നത് മിക്ക രക്ഷിതാക്കളും ആഗ്രഹിക്കുന്ന കാര്യവുമാണ്. ഈ നേട്ടങ്ങളുടെയിടയിലും സ്ത്രീകൾ അഭിമുഖികരിക്കേണ്ടി വരുന്ന ചുരുക്കം ചില പ്രശ്നങ്ങളിലൊന്ന് ചൂണ്ടിക്കാണിക്കുക മാത്രമാണ് ആ ലേഖനം ചെയ്യുന്നത്. മറിച്ച് ആ ലേഖനം പെൺകുട്ടികൾ 18-20 വയസ്സിൽ വിവാഹിതരാകേണ്ട ആവശ്യകതയ്ക്ക് അടിവരയിടുകയാണെന്ന് കണ്ടുപിടിക്കുന്നത് യാഥാർത്ഥ്യങ്ങൾക്കെതിരെ മുഖം തിരിക്കുന്ന നടപടിയാണ്.

അത്തരമൊരു ലേഖനത്തിന് ആധികാരിക പ്രസക്തി തീർത്തും അനിവാര്യമാണെന്നത് ഒരു സത്യം തന്നെ പക്ഷെ കണക്കുകളും മറ്റു കാര്യങ്ങളും ആ ലേഖനത്തിന്റെ മുനയൊടിക്കുമെന്ന് കരുതുന്നില്ല. കാരണം കേരളത്തിൽ പുത്രകാമേഷ്ടിയാഗങ്ങൾ നടക്കുകയും ആയിരങ്ങൾ പങ്കെടുക്കുകയും അവ വിവാദത്തിന് കാരണമാകുകയും ചെയ്യുന്നുണ്ടെങ്കിൽ സാധാരണ ഗർഭധാരണം കേരളത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കുറയുകയാണ് എന്ന് തന്നെയാണ് മനസ്സിലാക്കേണ്ടത്.

"പ്രത്യുല്പാദനക്ഷമത കുറയുന്നതിനെപ്പറ്റിയുള്ള ഖേദത്തേക്കാളേറെ സ്ത്രീകൾ തൊഴിൽ കണ്ടെത്തുന്നതിലും വിദ്യാഭ്യാസം നേടുന്നതിലുമുള്ള പ്രതിഷേധമായി" ഇത്തരം ലേഖനങ്ങളെ കാണുന്നത് സ്ത്രീയുടെ ഇന്നത്തെ അവസ്ഥയെ യാഥാർത്ഥ്യബോധത്തോടെ മനസ്സിലാക്കാതെ സ്ത്രീയെക്കുറിച്ച് എന്ത് പറഞ്ഞാലും ഇരുപുറം നോക്കാതെ അഭിപ്രായങ്ങൾ എഴുന്നള്ളിക്കുന്ന 'ഫെമിനിസ'ത്തിന്റെ ലജ്ജാകരമായ അവസ്ഥയുടെ ഉത്തമോദാഹരണമാണ്.

**അർച്ചന മോഹൻ**